# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.26/2756/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.26/2756/2025 തീയ്യതി: 27/12/2025

# മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2024 മുതൽ 10-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അഷ്റഫ് പെരുംമ്പള്ളി, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2025 | 19-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2025 | 19-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സന്തോഷ്.പി.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ.റഷീദ്.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ശംസിയ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.നവ്യ.കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റീന ടീച്ചർ | പ്രസിഡന്റ് | 01-04-2024 | 25-02-2025 |
| ശ്രീമതി.നുസൈബ സുധീർ | പ്രസിഡന്റ് | 26-02-2025 | 18-03-2025 |
| ശ്രീമതി. വത്സമ്മ സെബാസ്റ്റ്യൻ | പ്രസിഡന്റ് | 19-03-2025 | 31-03-2025 |
| ശ്രീമതി. ഷീനമോൾ എം | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റനീഷ് സി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൽ റഷീദ് കെ. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 01-11-2024 |
| ശ്രീമതി.നിഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2024 | 31-03-2025 |
| ശ്രീമതി.രേഷ്മ. ടി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഹിഫ.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ബിനീഷ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ഹബീബ. പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ആസ്യ സുഹാന | മെഡിക്കൽ ഓഫീസർ (FHC) | 01-04-2024 | 30-06-2024 |
| ഡോ.റഫ്മാൻ | മെഡിക്കൽ ഓഫീസർ (FHC) | 01-07-2024 | 28-02-2025 |
| ഡോ.ചാച്ചി.പി.എ | മെഡിക്കൽ ഓഫീസർ (FHC) | 01-03-2025 | 31-03-2025 |
| ശ്രീമതി. സീന സൂസൻ വി | ഐ.സി.ഡി.എസ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ. ആന്റപ്പൻ. എം. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 11-04-2024 |
| ശ്രീ.ജിംഷിദ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-04-2024 | 15-10-2024 |
| ശ്രീ. ആന്റപ്പൻ. എം. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-10-2024 | 31-03-2025 |
| ശ്രീ.രാഹുൽ | ഫിഷറീസ് ഓഫീസർ | 01-04-2024 | 04-12-2024 |
| ശ്രീ.ഷിഹാബുദ്ധീൻ.എം | ഫിഷറീസ് ഓഫീസർ | 05-12-2024 | 31-03-2025 |
| ശ്രീ.റുഫാനസേ. ഡി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | മുൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്ക്,റികൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയില്ല. | 1-1-2 |
| 4 | അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് -കാരണം വിശദമാക്കിയിട്ടില്ല. | 1-1-3 |
| 5 | വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതം ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-9 |
| 11 | ട്രയൽ ബാലൻസിൽ പല ശീർഷകങ്ങളിലും ഡെബിറ്റ്/ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ലോൺ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ്, വരവ് നീക്കിയിരിപ്പ് തുക വാർഷിക കണക്ക് B5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്കായി ലഭ്യമാക്കായിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷ**ൻ** ക**ൺ**ട്രോ**ൾ** രജിസ്റ്റ**ർ** പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 24 | ജലജീവൻ മിഷൻ പദ്ധതി- അവലോകനം | 1-12 |
| 25 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 26 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 27 | വാഹനത്തിന് ടയർ വാങ്ങൽ - പി.ഡബ്ല്യു.യു മെക്കാനിക്കൽ സബ് ഡിവിഷനിൽ നിന്നുള്ള Essentiality Certificate ലഭ്യമാക്കിയില്ല. | 1-15 |
| 28 | വാഹന ഇൻഷുറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 29 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-17 |
| 30 | പി.എം.എ.വൈ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 31 | അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ തക അവശേഷിക്കുന്നത് -തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 32 | കുറുമ്പലങ്ങോട് പി എച്ച് സി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല. | 1-20 |
| 33 | പൊതുമരാമത്ത് അവലോകനം | 1-21 |
| 34 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് പിഴ പൂർണ്ണമായും ഈടാക്കിയില്ല.ഓഡിറ്റ് നിർദേശമനുസരിച്ച് തുക അടവാക്കി | 1-22 |
| 35 | റോഡ് മെയിന്റനൻസ് ഫണ്ട് 1,64,27,320 രൂപ ലാപ്സായി | 1-23 |
| 36 | ഗ്രാമ പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയ വിവരം ലഭ്യമാക്കിയില്ല. | 1-24 |
| 37 | വർക്കിംഗ് ഗ്രൂപ്പുകൾ-അപാകതകൾ | 1-25 |
| 38 | ഭൂജല വകുപ്പിന് മുൻകൂർ നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-26 |
| 39 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ - കെ.എസ്.ഇ.ബി ക്ക് അധിക തുക അനുവദിച്ചു. | 1-27 |
| 40 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കുള്ള മുൻകൂർ - തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-28 |
| 41 | കുറുമ്പലങ്ങോട് ജി യു പി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ- അപാകതകൾ | 1-29 |
| 42 | എസ്.എസ്.കെ. വിഹിതം- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കുന്നത് | 1-30 |

| | | |
|---|---|---|
| | സംബന്ധിച്ച്. | |
| 43 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-31 |
| 44 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-32 |
| 45 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-33 |
| 46 | പി.എച്ച്.സി.യിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-34 |
| 47 | പി.എച്ച്.സി.യിലേക്കും സബ്സെന്ററുകളിലേക്കും വാക്കർ, വീൽചെയർ, എയർ ബെഡ് ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-35 |
| 48 | മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി 2024-25 പദ്ധതികളുടെ അവലോകനം | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 27/12/2025

**1-1-1 മുൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

മുൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ/ഹെഡ് | മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | തൻവർഷത്തെ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് |
|---|---|---|
| 1.320200399Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 3274048 | 0 |
| 2.320100197-Literacy Scheme Grant | 42165 | 4572 |
| 3. 320300305-Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes | 356431 | 378906 |

**1-1-2 ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്ക്,റികൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയില്ല.**

ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്ക്, റികൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 40(b) ഷെഡ്യൂളിൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

**1-1-3 അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് -കാരണം വിശദമാക്കിയിട്ടില്ല.**

RP 40(b) ഷെഡ്യൂൾ പ്രകാരം 450210102, CHUNGATHARA SERVICE CO.OPERATIVE BANK OWN FUND അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് (-54,686/-) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിന് കാരണം വിശദമാക്കിയിട്ടില്ല.

**1-1-4 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-5 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

**1-1-6 B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ എ സി ആർ സൂക്ഷിക്കുന്നില്ല**

B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള എതൊക്ക സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളാണ് തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച എന്നത് വ്യക്തമല്ല. ആയവയുടെ എ സി ആർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-7 വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ഷെഡ്യൂൾ B-18 ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്,ചെലവ് ,നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ- ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ആയതിനാൽ ഷെഡ്യൂൾ B-7 ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്,ചെലവ് ,നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-8 ഗുണഭോക്തൃ വിഹിതം ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദ വിവരം ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 320800101 Beneficiary Contributions ഇനത്തിൽ 2,101,847 രൂപ നീക്കിയിരിപ്പുണ്ട്, ഏതെല്ലാം പദ്ധതികളിലെ തുകയാണ് ചെലവഴിക്കാൻ അവശേഷിക്കുന്നത് എന്ന് വ്യക്തമല്ല.

### 1-1-9 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ വരവ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-10 ട്രയൽ ബാലൻസിൽ പല ശീർഷകങ്ങളിലും ഡെബിറ്റ്/ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല

ട്രയൽ ബാലൻസിൽ പല ശീർഷകങ്ങളിലും ഡെബിറ്റ്/ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.350400399 Refunds Payable - Other Fees

2.431120101 Receivables For Profession Tax Institutions (Current)

ആയതിന് കാരണം വിശദമാക്കിയിട്ടില്ല

### 1-1-11 ലോൺ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ്, വരവ് നീക്കിയിരിപ്പ് തുക വാർഷിക കണക്ക് B5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ലോൺ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ്, വരവ് നീക്കിയിരിപ്പ് തുക വാർഷിക കണക്ക് B5 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല, ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-12 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്കായി ലഭ്യമാക്കായിട്ടില്ല.

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്കായി ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B11 പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/09.02.2024 | 1(1)/22.02.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 7,94,03,565 |

| | |
|---|---|
| വരവ് | 13,06,82,950 |
| ആകെ | 21,00,86,515 |
| ചെലവ് | 15,40,57,276 |
| നീക്കിയിരിപ്പ് | 5,60,29,239 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 31143703 | 31143703 | 29975231 | 1168472 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 5605159 | 5605159 | 4207548 | 1397611 |
| വികസനഫണ്ട് (ടി.സി.പി.) | 0 | 3695795 | 3695795 | 3005257 | 690538 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 29276000 | 29276000 | 12848680 | 16427320 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8758000 | 8758000 | 5316248 | 3441752 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 17488863 | 17488863 | 5973479 | 11515384 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 6352019 | 6352019 | 2024921 | 4327098 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 359 | 437531239 | 185 | 167504845 | 0 | 174 | 51.5% |

കുറിപ്പ് : GO പ്രൊജക്ടുകളുടെ അടങ്കൽ തുക ഒഴികെയുള്ള അടങ്കൽ തുകയാണ് മുകളിൽ ചേർത്തിരിക്കുന്നത്.

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13223 | 2413745 | 2426968 | 2426968 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 86017707 | 86017707 | 86017707 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5738600 | 342 |
| വിധവാപെൻഷൻ | 23614800 | 1600 |
| വാർദ്ധക്യകാലപെൻഷൻ | 45259300 | 3212 |
| വികലാംഗപെൻഷൻ | 8677300 | 569 |
| വിവാഹ ധനസഹായം | 30000 | 1 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1085800 | 78 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2025 ന് 02:50 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26512/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 ഓഡിറ്റ് വർഷത്തിൽ (2024-25) വിവരാവകാശ രജിസ്റ്റർ,മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
2 ഹെഡ്മാസ്റ്റർ,ഐസിഡിഎസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ വൻ തുക നഷ്ടപ്പെട്ടു
4 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന അവയുടെ ധർമ്മം നിർവഹിക്കുന്നില്ല.
5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6 വാർഷികകണക്ക് തയ്യാറാക്കുമ്പോൾ അപാകതകൾ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
7 നിലവിൽ സെക്രട്ടറി,അസി. സെക്രട്ടറി പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.2022 | 01.07.2022 മുതൽ 31.07.2022 വരെ | 31.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.08.2023മുതൽ 16.08.2023 വരെ | 2020-21 മുതൽ 2022-23 വരെ | 21.10.2023 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ചുങ്കത്തറ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 1/11.11.2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards | സ്കീം - 3 Grants For Specific Purposes - Health Grant Towards | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of | ആകെ |
|---|---|---|---|---|

| | Buildingless Subcentres, PHCs And CHCs | Support For Diagnostic InfraStructure To The PHCs | PHCs And Subcentres In To Health And Wellness Centres | |
|---|---|---|---|---|
| 2021-22 | 0 | 461322 | 290922 | 752244 |
| 2022-23 | 5550000 | 1125000 | 458000 | 7133000 |
| 2023-24 | 0 | 730000 | 47000 | 777000 |
| 2024-25 | 0 | 332000 | 0 | 332000 |
| ആകെ | 5550000 | 2648322 | 795922 | 8994244 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 456765 | 289776 | 746541 |
| 2022-23 | 1806063 | 1125000 | 458000 | 3389063 |
| 2023-24 | 0 | 0 | 0 | 0 |
| 2024-25 | 0 | 0 | 0 | 0 |
| ആകെ | 1806063 | 1581765 | 747776 | 4135604 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 |
|---|---|---|---|
| 2024-25 | 4023479 | 305752 | 1004770 |

ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്ക്, റികൺസിലിയേഷൻ പത്രികകൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങളുടെ (പലിശ ഉൾപ്പെടെ) കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (306/23) | 98169 |
| 2022-23 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (307/23 ) | 240766 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (426/24) | 358596 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (427/24) | 49000 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (438/24) | 34130 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (439/24) | 188452 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (442/25) | 1090870 |

| | | |
|---|---|---|
| 2024-25 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (443/25) | 269548 |
| 2024-25 | കൊന്നമണ്ണ സബ്സെന്റർ പുനർനിർമാണം (447/25) | 1079951 |
| 2024-25 | പള്ളിക്കത്ത് സബ്സെന്റർ പുനർനിർമാണം (448/25) | 726112 |
| | ആകെ | 4135594 |

ഹെൽത്ത് ഗ്രാന്റ് വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കാത്തതിനാൽ മേൽ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് പരിശോധനാ വിധേയമാക്കി.

**1. തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ**

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട് എന്നാൽ ഫണ്ട് ആവശ്യപ്പെടാത്തതിനാൽ ആയത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്.

**2. പദ്ധതി നടപ്പാക്കിയിട്ടില്ല.**

ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ജലജീവൻ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

1. 2024-25 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്നത് പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|---|
| 1 | 2 | ശ്രീ കായകൽപ്പം വൈദ്യശാല | ഡി വി ഷൈൻ വൈദ്യർ |

| | | | |
|---|---|---|---|
| 2 | 244 | വി പി വൈദ്യാശാല | കെ ഗംഗാധരൻ വൈദ്യർ |
| 3 | 323 | സെഹ ഹോമിയോപതി | അമൃതശ്രീ |
| 4 | 369 | വിഷൻ കെയർ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക് | ഷെബിൻ അബ്രഹാം |
| 5 | 400 | ഐസോൺ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക് | അബ്ദുൽ ഗഫൂർ വി കെ |
| 6 | 513 | മെഡികെയർ കമ്പ്യൂട്ടറൈസ്ഡ് ലാബ് | പ്രവീൺ വി എസ് |

മേൽ സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | പാരാമെഡിക്കൽ രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|---|
| 1 | 4 | സിമിലിയ ഹോമിയോ ക്ലിനിക് | മൊയ്തീൻ കുട്ടി സി കെ |
| 2 | 8 | ന്യൂ ലൈഫ് അക്യുപങ്ചർ | സിന്ധു വി എം |
| 3 | 17 | കൃപ ഡി-അഡിക്ഷൻ & കൗൺസലിംഗ് സെന്റർ | ഫാ.ജോസ് ടി വി |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

3. മുൻ വർഷങ്ങളിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തിൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നടത്തിപ്പുകാരന്റെ പേര് |
|---|---|---|
| 1 | ശാഫി മർമ്മ ചികിത്സാലയം | ഡോ. മുഹമ്മദലി എം.കെ |
| 2 | മെറാഖി കംപ്ലീറ്റ് റീഹാബ് സൊലൂഷൻ- Centre For Speech Language Therapy | അസീം ഹാഷ്മി എം |
| 3 | ഒലീവ് മെഡിക്കൽ സെന്റർ | ജോബിൻ ജേക്കബ് |
| 4 | ഫ്രണ്ട്സ് മെഡിക്കൽ ലാബ് | സജിയ എം |
| 5 | ഹിതവൈദ്യം | ഡോ.ദയ എം |
| 6 | ഡോ.ജസ്നാസ് റീഹാബ് ഹോമിയോ ക്ലിനിക് | ഡോ.ജസ്ന |

മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.ഓഡിറ്റ് എൻക്വയറി നം.04/12.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **തൊഴിൽ നികുതി ഈടാക്കാനുള്ള കാലയളവ്** |
|---|---|---|---|
| 1 | 23 | ITDP ടൈലറിംഗ് യൂണിറ്റ്, ചുങ്കത്തറ | I & II |
| 2 | 24 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | I |
| 3 | 25 | സെൻട്രൽ നഴ്സറി | I & II |
| 4 | 30 | പോസ്റ്റ് ഓഫീസ് എരുമമുണ്ട | I & II |
| 5 | 32 | AMLPS ചെമ്പൻകൊല്ലി | I & II |
| 6 | 70 | ക്ഷീരോൽപാദക സഹകരണ സംഘം പൂക്കോട്ടുമണ്ണ | I |
| 7 | 75 | മെറാഖി കംപ്ലീറ്റ് റീഹാബ് സൊല്യൂഷൻ | I & II |
| 8 | 83 | വിശ്വഭാരതി വിദ്യാനികേതൻ സ്കൂൾ | I & II |
| 9 | 84 | പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | I & II |

2.പാരാമെഡിക്കൽ ലൈസൻസ് എടുത്ത താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| **ക്രമ നമ്പർ** | **രജിസ്റ്ററിലെ ക്രമ നമ്പർ** | **സ്ഥാപനം** | **കാലയളവ്** |
|---|---|---|---|
| 1 | 3 | C.S.C.B വെൽനസ്സ് സെന്റർ | I & II |
| | | C.S.C.B ഡയഗ്നോസ്റ്റിക് സെന്റർ | I & II |
| 2 | 17 | കൃപ ഡി-അഡിക്ഷൻ & കൗൺസലിംഗ് സെന്റർ | I & II |
| 3 | 8 | ന്യൂ ലൈഫ് അക്യുപങ്ചർ | I & II |
| 4 | 17 | കൃപ ഡി-അഡിക്ഷൻ & കൗൺസലിംഗ് സെന്റർ | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ , നികുതി ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നമ്പർ.05/13.11.2025 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-15 വാഹനത്തിന് ടയർ വാങ്ങൽ - പി.ഡബ്ലി.യു മെക്കാനിക്കൽ സബ് ഡിവിഷനിൽ നിന്നുള്ള Essentiality Certificate ലഭ്യമാക്കിയില്ല.

KL-10-AL-8040 നമ്പർ വാഹനത്തിന് 2 ടയറുകൾ വാങ്ങിയതിന് താഴെ പറയും പ്രകാരം 15,900/-രൂപ ഇൻഫോർ വീൽ കെയർ & ടയേഴ്സ് എന്ന സ്ഥാപനത്തിന് തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | വൗച്ചർ നമ്പർ & തീയതി. | തുക. | ഇൻവോയിസ് നമ്പർ & തീയതി. |
|---|---|---|---|
| 1. | 22400127/08.05.2024 | 7,950/- രൂപ. | SAL23-2372 Dt: 30.03.2024. |
| 2. | 22400269/29.06.2024 | 7,950/- രൂപ. | SAL24:0310 Dt: 24.05.2024. |

എന്നാൽ പി.ഡബ്ലി.യു മെക്കാനിക്കൽ സബ് ഡിവിഷനിൽ നിന്നുള്ള Essentiality Certificate ലഭ്യമാക്കാതെയാണ് ഗ്രാമപഞ്ചായത്ത് 2 ടയറുകളും വാങ്ങിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.13/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-16 വാഹന ഇൻഷൂറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

18.04.2000തിയ്യതിയിലെ സ.ഉ (പി) 819/2000/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടെയും തേഡ് പാർട്ടി ഇൻഷൂറൻസ് പോളിസി, കേരള സ്റ്റേറ്റ് ഇൻഷൂറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ, നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷൂറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് 07.08.2021 ലെ ഗതാഗതവകുപ്പിന്റെ സർക്കുലർ നമ്പർ ബി2/278/2019 പ്രകാരവും ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് വാഹനങ്ങളുടെ ഇൻഷൂറൻസ് യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനിയിൽ നിന്നാണ് എടുത്തിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | വെഹിക്കിൾ നമ്പർ. | വൗച്ചർ നമ്പർ/തീയതി. | തുക (₹). |
|---|---|---|---|
| 1 | KL 71 B 6455 | 22400394 തീയതി.05.08.2024 | 3,455/- രൂപ. |
| 2 | KL 10 AL 8040 | 22400555 തീയതി.19.09.2024 | 12,182/- രൂപ. |

സർക്കാർ ഉത്തരവിനു വിരുദ്ധമായി വാഹനങ്ങളുടെ ഇൻഷൂറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പട്ടികയിലെ ക്രമ നമ്പർ.1 പ്രകാരമുള്ള വാഹനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിലും യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനി ഇൻഷൂറൻസിൽ വാഹനമുടമയുടെ പേര് ജില്ലാ സാമൂഹ്യ നീതി ഓഫീസർ, സിവിൽ സ്റ്റേഷൻ മലപ്പുറം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.15/17.11.2025 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി ക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്.

| ക്രമ | വൗച്ചർ നമ്പർ/ | തുക. | പ്രവൃത്തി. |
|---|---|---|---|

| നമ്പർ. | തീയതി. | | |
|---|---|---|---|
| 1. | 22400177/22.05.2024 | 13,181/- രൂപ. | വെള്ളാംപാടം എസ്.ടി കോളനി C/AC/8/A24 നമ്പർ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക. |
| 2. | 22401103/21.01.2025 | 11,429/- രൂപ. | ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ C/KN/32/3 നമ്പർ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക. |

എന്നാൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 16/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 24,610/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 പി.എം.എ.വൈ വിഹിതം അടവാക്കൽ – വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ. | 135/25 |
| പേര്. | പി.എം.എ.വൈ വിഹിതം നൽകൽ. |
| അടങ്കൽ തുക (₹) | 1,40,000/- രൂപ (വികസന ഫണ്ട് - ജനറൽ).<br>12,00,000/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്).<br>5,60,000/- രൂപ (തനത് ഫണ്ട്).<br>11,20,000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്).<br>9,80,000/- രൂപ (ജില്ലാ പഞ്ചായത്ത്). |
| ചെലവ് (₹) | 1,40,000/- രൂപ (വികസന ഫണ്ട് - ജനറൽ).<br>5,60,000/- രൂപ (തനത് ഫണ്ട്). |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നുള്ള 1,40,000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള 5,60,000/- രൂപ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്കിന്റെ നിലമ്പൂർ ശാഖയിലെ 40199100112385 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

| വൗച്ചർ നമ്പർ. | വൗച്ചർ തീയതി. | തുക. |
|---|---|---|
| 22401539 | 28.03.2025 | 3,50,000/- രൂപ. |
| 22401542 | 28.03.2025 | 2,10,000/- രൂപ. |

എന്നാൽ ഈ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വൗച്ചർ നമ്പർ.22401542/28.03.2025 പ്രകാരമുള്ള 2,10,000/- രൂപയുടെ ചെലവ് സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 5,60,000/- തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.19/17.11.2025 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ തക അവശേഷിക്കുന്നത് –തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

അസി.എൻജിനിയറുടെ പേരിലുള്ള താഴെപ്പറയുന്ന അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ തുക

അവശേഷിക്കുന്നുണ്ട്. വിവരം ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|
| 1. 41134258759 (SBI ,ചുങ്കത്തറ ) | 82479.84 (31.3.2025 ലെ നീക്കിയിരിപ്പ്) |
| 2. 799011400001789 (ടി.എസ്.ബി) | 83338 (31.3.2025 ലെ നീക്കിയിരിപ്പ്) |

പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. ട്രഷറി, ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ7/15.11.25പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്

അസി . എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ ചുങ്കത്തറയിൽ 31.3.25 ലെ നീക്കിയിരിപ്പ് 82479.84 രൂപയിൽ 76,810 രൂപ ടെണ്ടർ ഫീ ഇനത്തിലുള്ളതാണ്. ഈ തുക 18.11.25 ന് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.അവശേഷിക്കുന്ന തുക കണ്ടിജന്റ് ചെലവുകൾക്ക് സെക്രട്ടറി അനുവദിച്ചതാണ്.ടിഎസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പരിശോധിച്ച് ഏതു ഫണ്ടിൽ നിന്നാണെന്ന് കണ്ടെത്തി സെക്രട്ടറിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കും. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-20 കുറുമ്പലങ്ങോട് പി എച്ച് സി മാനേജിംഗ് കമ്മിറ്റി-AFS ലഭ്യമാക്കിയില്ല.

കുറുമ്പലങ്ങോട് പി എച്ച് സി മാനേജിംഗ് കമ്മിറ്റിയുടെ 2018-19 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. 2019-20 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-28/19.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 പൊതുമരാമത്ത് അവലോകനം

1.അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | സ്പിൽഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകരിച്ച പ്രോജക്ടുകൾ | 48 | 127 | 175 |
| നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 43 | 21 | 64 |
| നിർവ്വഹണം നടത്താത്ത പ്രോജക്ടുകൾ | 5 | 106 | 111 |
| വകയിരുത്തിയ ഫണ്ട് | | | 69395860 |
| ചെലവഴിച്ചത് | | | 22927858 |
| ചെലവ് ശതമാനം | | | 33.03% |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതിനും അത് വഴി ഗ്രാമ പഞ്ചായത്തിന് തുക ലാപ്സായതിനും കാരണം വിശദമാക്കേണ്ടതാണ്.

2.സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 48 പ്രോജക്ടുകൾ പ്രസ്തുത വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി- പ്രവൃത്തികളിൽ 5 പ്രവൃത്തികൾ 2024-25 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അംഗീകാരം ലഭിച്ച് നിർവ്വഹണ നടപടികൾ ആരംഭിച്ച് ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാലാണ് അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി പരിഗണിക്കുന്നത്. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽഓവർ ആയ വർഷവും

പൂർത്തീകരിച്ചിട്ടില്ല.ടി സ്പിൽ ഓവർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വ്യക്തമാക്കേണ്ടതാണ്.

3. മരാമത്ത് മേഖലയിൽ വളരെയധികം പ്രോജക്ടുകൾ നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ലാപ്സായി

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മരാമത്ത് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി.

ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാലൻസ് (ലാപ്സായത്) |
|---|---|---|---|
| എം.ജി.(റോഡ്) | 29,27,6000 | 1,28,48,680 | 1,64,27,320 |

4.ആർ ട്രാക്ക് സർവ്വേ സംബന്ധിച്ച്

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളും സർവ്വേ നടത്തി അസി. എഞ്ചിനീയർ,അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ പരിശോധിക്കുകയും പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.ആകെ 1045 റോഡുകളിലായി 282.81 കി.മി ദൂരം ട്രാക്ക് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.ട്രാക്ക് ചെയ്ത റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

5). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ ( സ.ഉ. (കൈ) നം. 84/2022/ തസ്വഭവ തി.19.04.2022) ഖണ്ഡിക 6.7 പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

6. തുടർ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റിന്റെ ഭാഗമായി 15.11.25ന് ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയർ പദ്ധതി നിർവഹണം നടത്തിയ താഴെ പറയുന്ന സ്ഥലങ്ങളിൽ അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. പരിശോധനാവിവരം ഇതോടൊപ്പം ചേർക്കുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

A) കൊന്നമണ്ണ സബ്സെന്റർ (വാർഡ് 9)-സബ്സെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഗേറ്റ് , ചുറ്റമതിൽ എന്നിവയുടെ നിർമ്മാണം നടത്തേണ്ടതുണ്ട്.

B) പള്ളിക്കുത്ത് സബ്സെന്റർ (വാർഡ് 12)-സബ്സെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഗേറ്റ് , ചുറ്റമതിൽ എന്നിവയുടെ നിർമ്മാണം നടത്തേണ്ടതുണ്ട്.

C) പി എച്ച്സി പള്ളിക്കുത്ത്(വാർഡ് 12) -ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.പി എച്ച് സി കൊമ്പൗണ്ടിൽ കിടക്കുന്ന പഴയ ഓടുകൾ ലേല നടപടി സ്വീകരിച്ച് നീക്കം ചെയ്യേണ്ടതാണ്.

D) കാവലംകോട് അങ്കണവാടിക്കുമുകളിൽ (വാർഡ് 11) ഹാളിന് ഗ്രിൽ നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ നിലം പണി പൂർത്തിയായിട്ടില്ല.ഹാൾ ഉപയോഗിക്കുന്നില്ല.

7.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2024-25വർഷത്തിൽ ആകെ ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. (തിയതി 22.1.2025) രണ്ട് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്. തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല.

മേൽ വിഷയം സംബന്ധിച്ച് നമ്പർ 11/17.11.25പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് അസി. എഞ്ചിനീയർ താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ റോഡ് വർക്കുകൾ ഭൂരിപക്ഷവും മൂന്ന് ലക്ഷത്തിൽ താഴെ അടങ്കൽ വരുന്നതാണ് . മരാമത്ത് പ്രവത്തികളുടെ ആധിക്യം പ്രവൃത്തികളെ ബാധിക്കുന്നുണ്ട്.

2 2023-24 വർഷത്തിൽ ആറ് മാസത്തിലധികം അസി. എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. പ്രസ്തുത സാഹചര്യം മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്.

3 അഞ്ച് സ്പിൽ ഓവർ പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കുവാൻ അവശേഷിക്കുന്നത്.ആയത് അവസാന ഘട്ടത്തിലാണ്. പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ എണ്ണം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട് .

4 മരാമത്ത് പ്രവൃത്തികളിൽ പുതിയ പ്രൊജക്ട് തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

5 പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ്.

മറുപടി അംഗീകരിക്കുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് പിഴ പൂർണ്ണമായും ഈടാക്കിയില്ല.ഓഡിറ്റ് നിർദേശമനുസരിച്ച് തുക അടവാക്കി

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ മുഴുവനായും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കണ്ടിരുന്നു.

| | |
|---|---|
| പദ്ധതി | വെറ്റിനറി ആശുപത്രിയിൽ റാക്ക് നിർമ്മിക്കൽ- So 374/24-25 |
| അടങ്കൽ | 150000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ മനോജ് ടി |
| കരാർ | 25 AE/LSGD/CHKL/23-24 തി. 23.11.23 |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 136701 |
| ബിൽ റഫറൻസ് നമ്പർ | 24151952032001613960/21.3.25 |
| PAC | 127036 |
| പൂർത്തീകരണകാലയളവ് | 6 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 28-5-24 |
| പൂർത്തീകരിച്ച തീയതി | 15-3-25 |
| വൈകിയ കാലയളവ് | 9 മാസം 15 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 6775 രൂപ |
| | ഈടാക്കിയത് -1270രൂപ |
| | ഈടാക്കാനവശേഷിക്കുന്നത് 6777-1270=5505 രൂപ |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് ഈടാക്കുവാൻ അവശേഷിക്കുന്ന 5505 രൂപ ഈടാക്കേണ്ടതാണ് എന്ന് നിർദേശിച്ച് നമ്പർ 12/17.11.25പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിന്റെ ഫലമായി നം R-G100102-25004941 / 19.11.25 പ്രകാരം 5505 രൂപ അടവാക്കി. ഭാവിയിൽ മരാമത്ത് പണികൾ നടത്തുമ്പോൾ പ്രവൃത്തി വൈകി പൂർത്തിയാക്കിയാൽ പിഴ പൂർണ്ണമായും ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 റോഡ് മെയിന്റനൻസ് ഫണ്ട് 1,64,27,320 രൂപ ലാപ്സായി

നിലവിൽ 20 വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 1,64,27,320 രൂപ ലാപ്സായി എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ലഭിച്ച തിയ്യതി | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 29276000 | 15.04.2024 – 9759000<br>13.08.2024– 9759000 | 12848680 | 16427320 |

| | | | | |
|---|---|---|---|---|
| | | 30.11.2024<br>9758000 | | |

മൂന്ന് തവണകളിലായിട്ടാണ് അലോട്ട്മെന്റ് ലഭിക്കുന്നത്. ഇതിൽ അവസാന അലോട്ട്മെന്റ് 30.11.24 ന് ലഭിച്ചതായി എ.സി.ആറിൽ നിന്ന് വ്യക്തമാവുന്നു. 29 ബില്ലുകളിലായി ആകെ 12848680 രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് തൽവർഷം ചെലവഴിക്കാനായത് എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന വിധത്തിൽ 175 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 80% പ്രോജക്ടുകളും റോഡ് പ്രവൃത്തികളാണ്. അനുവദിക്കപ്പെട്ട ഫണ്ടിൽ 43.88% ഫണ്ട് മാത്രമാണ് വിനിയോഗിക്കാനായത്. പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും , റോഡ് അധുനിക വൽക്കരണം എന്നിവക്ക് മാത്രമാണ് റോഡ് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ചെലവഴിക്കേണ്ട ഫണ്ടാണ് റോഡ് സംരക്ഷണ ഗ്രാന്റ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗെയ്ൽ പൈപ്പ് ലൈൻ, ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ പല ഗ്രാമ പഞ്ചായത്തുകളിലും സമയോജിതമായി പ്രോജക്ടുകൾ ഭേദഗതി വരുത്തി ലഭ്യമായ ഫണ്ട് പരമാവധി വിനിയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. 99.7 % റോഡ് ഫണ്ടും വിനിയോഗിക്കാനായ പഞ്ചായത്തുകൾ ജില്ലയിൽ ഉണ്ട്. വികസന കാര്യ സ്ഥിരം സമിതിയുടെ ഇടപെടലുകൾ ഫലപ്രദമായില്ല എന്നതും പദ്ധതി അവലോകന യോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാതിരുന്നതും ഫണ്ട് ലാപ്സാവാൻ സാഹചര്യം ഒരുക്കി എന്ന് വിലയിരുത്തുന്നു. ഒരു കോടി അറുപത്തിനാല് ലക്ഷത്തിൽപരം രൂപയുടെ ഗുണ ഫലങ്ങൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് ലഭ്യമാക്കാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. നിരവധി റോഡുകൾ നവീകരിക്കാനുള്ള അവസരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, വികസന സ്ഥിരം സമിതി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സമയോജിതമായ ഇടപെടലുകൾ ഇല്ലാത്തത് കാരണം പാഴാക്കി എന്നത് ഗൗരവതരമായി കാണുന്നു.ഓഡിറ്റ് എൻക്വയറി നമ്പർ 11/ 17.11.25 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെയും സെക്രട്ടറി ഇൻ ചാർജിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-24 ഗ്രാമ പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയ വിവരം ലഭ്യമാക്കിയില്ല.

| തീരുമാന നമ്പർ/ തിയതി | തീരുമാനം |
|---|---|
| 18/1<br>തി. 25.11.24 | ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ<br>റോഡുകളും അങ്കണവാടികളും ഉൾപ്പടെയുള്ള മറ്റ് പൊതു മുതലുകളും പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കുക R-Track പ്രകാരമുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുക |
| 17/1<br>തി.06.02.25 | സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി ഒ ഡി എഫ് മോഡൽ പ്രഖ്യാപനം നടത്തിയിട്ടുള്ള ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത വിവരം ജനങ്ങളെ അറിയിച്ചുകൊണ്ടുള്ള ബോർഡ് ഗ്രാമ പഞ്ചായത്തിന്റെ എൻട്രി പോയിന്റിൽ സ്ഥാപിക്കുക |

മേൽ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുന്നത് സംബന്ധിച്ച് നമ്പർ 10/17.11.25 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് തീരുമാനം നടപ്പിലാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 വർക്കിംഗ് ഗ്രൂപ്പുകൾ-അപാകതകൾ

സ.ഉ(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി,

ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച ചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ ,ചുമതല ഒഴിയുമ്പോൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്.താഴെ പറയുന്ന വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1. പൊതുഭരണം,ധനകാര്യം

ആകെ ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്.(തിയതി 22.1.2025) രണ്ട് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്. തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

2. പൊതുമരാമത്ത്

ആകെ ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്.

(തിയതി22.1.2025) രണ്ട് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്. തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

2.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

അപാകതകൾ സംബന്ധിച്ച് നമ്പർ 6/15.11.25പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.വർക്കിംഗ് ഗ്രൂപ്പ് സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-26 ഭൂജല വകുപ്പിന് മുൻകൂർ നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 4,03,270/- രൂപ ഭൂജല വകുപ്പിന് മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | പ്രൊജക്ട് നമ്പർ. | പ്രൊജക്ടിന്റെ പേര്. | അടങ്കൽ തുക. | മുൻകൂർ നൽകിയ തുക. | വൗച്ചർ നമ്പർ & തീയതി. |
|---|---|---|---|---|---|
| 1 | 274/25 | അണ്ടിക്കുന്ന് കുംഭാരകോളനി കുഴൽ കിണർ നിർമ്മാണം (2). | 226887 (CFC) | 160000 | XVFC/2024-25/ P/49/07.02.2025. |
| 2 | 284/25 | മണലി കളക്കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 393270 (CFC) | 243270 | XVFC/2024-25/ P/6/05.07.2024. |

| | | | | |
|---|---|---|---|---|
| | | കുഴൽകിണർ നിർമ്മാണം. | | |
| ആകെ. | | | 4,03,270 | |

എന്നാൽ പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് വരെ 4,03,270/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 21/19.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-27 സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ - കെ.എസ്.ഇ.ബി ക്ക് അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ. | 14/25 |
| പ്രൊജക്റ്റിന്റെ പേര്. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. |
| അടങ്കൽ തുക. | 18,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>5,95,000/- രൂപ (തനത് ഫണ്ട്). |
| ചെലവ് തുക. | 16,02,345/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>5,95,000/- രൂപ (തനത് ഫണ്ട്)<br>80,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) - അധിക തുക. |
| വൗച്ചർ നമ്പർ/തീയതി. | XVFC/2024-25/P/34 Dt:04.11.2024 – Rs.12,77,357/-<br>XVFC/2024-25/P/35 Dt:04.11.2024 – Rs.2,44,988/-<br>XVFC/2024-25/P/41 Dt:31.12.2024 – Rs.80,000/-<br>XVFC/2024-25/P/43 Dt:09.01.2025 – Rs.80,000/-<br>22400960/31.12.2024 – Rs.3,45,000/-<br>22401334/13.03.2025 – Rs.2,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

മേൽ പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി ക്ക് 22,77,345/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് തുക ഡെപ്പോസിറ്റ് ചെയ്തു - 80,000/- രൂപ അധിക ചെലവ്.

മേൽ പ്രവൃത്തിക്കായി 21,97,345/- രൂപയുടെ എസ്റ്റിമേറ്റാണ് കെ.എസ്.ഇ.ബി നൽകിയിട്ടുള്ളത്. എന്നാൽ താഴെ പറയും പ്രകാരം 22,77,345/- രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് നമ്പർ/ തീയതി. | എസ്റ്റിമേറ്റ് തുക. | മുൻകൂർ നൽകിയ തുക. | വൗച്ചർ /ബിൽ നമ്പർ & തീയതി. | സ്ഥാപനം. |
|---|---|---|---|---|
| DB No:70/AE/KSEB/ CTR Dt: 06.09.2023 | 12,77,357 /- രൂപ. | 12,77,357 /- രൂപ. | XVFC/2024-25/ P/34/04.11.2024 | കെ.എസ്.ഇ.ബി ചുങ്കത്തറ. |
| DB/Demand Note/ ESPTKL/52/24-25 Dt: 30.09.2024 | 2,44,988 /- രൂപ. | 2,44,988 /- രൂപ. | XVFC/2024-25/ P/35/04.11.2024 | കെ.എസ്.ഇ.ബി പോത്തുകല്ല്. |
| DB No:74/AE/KSEB/ CTR Dt: 01.10.2024 | 4,25,000 /- രൂപ. | 80,000/- രൂപ. | XVFC/2024-25/ P/41/31.12.2024 | കെ.എസ്.ഇ.ബി ചുങ്കത്തറ. |
| | | 3,45,000/- രൂപ. | 22400960/31.12.2024 | കെ.എസ്.ഇ.ബി ചുങ്കത്തറ. |
| DB No:5/AE/KSEB/ | 2,50,000 | 2,50,000 /- | 22401334/13.03.2025 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| CTR Dt: 18.02.2025 | /- രൂപ. | രൂപ. | | ചുങ്കത്തറ. |
| എസ്റ്റിമേറ്റില്ല. | ഇല്ല. | 80,000/- രൂപ. | XVFC/2024-25/ P/41/31.12.2024 | കെ.എസ്.ഇ.ബി ചുങ്കത്തറ. |

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 80,000/-രൂപയുടെ പേയ്മെന്റ് രണ്ട് തവണ നടത്തിയതാണ് അപാകതയ്ക്ക് കാരണം. അശ്രദ്ധമായി പൊതുപണം കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക അടിയന്തിരമായി തിരികെ ഈടാക്കേണ്ടതുമാണ്.

2). വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

22,77,345/- രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിത് വരെ ലഭ്യമായിട്ടില്ല. അധികം നൽകിയ തിരികെ ലഭിച്ചിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 22,77,345/- രൂപ തടസ്സം ചെയ്യുന്നു.

[ഓഡിറ്റ് എൻക്വയറി നമ്പർ 29/19.11.2025 ന് മറുപടി ലഭ്യമാക്കിയില്ല]

## 1-28 ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കുള്ള മുൻകൂർ - തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 4/25 |
| പേര് | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവ് |
| അടങ്കൽ തുക (₹) | 60,000/- രൂപ (തനത് ഫണ്ട്). |
| ചെലവ് (₹) | 60,000/- രൂപ. |
| വൗച്ചർ നമ്പർ. | 22400343/11.07.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

മേൽ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 60,000/- രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എടക്കര ബ്രാഞ്ചിലുള്ള 67326358551 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ആവശ്യകത നിർണ്ണയിക്കാതെ മുൻകൂർ അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.20/19.11.2025) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയില്ല. കണ്ടിജൻസി ചെലവുകൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പ്രത്യേക പ്രൊജക്ട് ഉണ്ടായിരുന്നതിനാൽ ടി പ്രൊജക്ടിൽ നിന്നാണ് അങ്കണവാടി കണ്ടിജൻസി ചെലവുകൾ നിർവ്വഹിച്ചിരുന്നതെന്നും ആയത് കൊണ്ടാണ് മേൽ പദ്ധതി പ്രകാരം അനുവദിച്ച 60,000/- രൂപ ഉപയോഗിക്കാതിരുന്നതെന്നുമുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. സമാന ആവശ്യത്തിന് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന സമാന പദ്ധതികൾ നടപ്പിലാക്കിയതിന് കാരണം വിശദമാക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി തനത് ഫണ്ടിൽ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 കുറുമ്പലങ്ങോട് ജി യു പി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ- അപാകതകൾ

പ്രൊജക്ട് : കുറുമ്പലങ്ങോട് ജി യു പി സ്കൂളിന് ഫർണ്ണിച്ചറുകളും പ്രൊജക്ടറുകളും (290/2025 )

അടങ്കൽ -600000/- (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)

ചെലവ്-592237

ബിൽ നമ്പർ. 1.24151952032100984548/05.12.2024 : 451200/-

2.24151952032100984819/05.12.2024 : 141037/

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കുറുമ്പലങ്ങോട് ജി യു പി സ്കൂളിന് താഴെ പറയും പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ | ഇൻവോയ്സ് | ഇനം | എണ്ണം | യൂണിറ്റ് | ആകെ |
|---|---|---|---|---|---|

| നമ്പർ | നം | | | പ്രൈസ് | |
|---|---|---|---|---|---|
| 1 | WYND/24-25/8 Dtd 26.07.2024 RS 451200, | Bench With Steel Frame 185x30x35cm | 40 | 3000 | 120000 |
| | | Desk Steel Frame 185x40x60cm | 40 | 4500 | 180000 |
| | | Steel Almirah 198x90x48cm | 9 | 9152.54 | 82372.86 |
| | | 18% GST ഉൾപ്പടെ ആകെ തുക | | | 451200 |
| 2 | KKD 855/21.03.2024 Rs 141037 | FIBRE ARM CHAIR SPEACIAL TYPE | 106 | 889.84 | 94323.04 |
| | | HW TABLE: H 75CM X W60CM X L100CM WITH DOUBLE DRAWER | 6 | 4200 | 25200 |
| | | 18% GST ഉൾപ്പടെ ആകെ തുക | | | 141037 |
| | | ആകെ | | | 592237 |

23.12.2023 ലെ HM/T2/2023 നമ്പർ ടെണ്ടർ പരസ്യം പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ബിഡ്ഡിംഗ് ക്ഷണിച്ചിട്ടുണ്ട്. തുടർന്ന ലഭ്യമായ 3 ബിഡ്ഡിംഗുകളിൽ നിന്നും ക്രമ നമ്പർ 1 ഇൻവോയ്സ് പ്രകാരമുള്ളവ സിഡ്കോ കടവന്ത്ര ,കൊച്ചിയിൽ നിന്നും ക്രമ നമ്പർ 2 ഇൻവോയ്സ് പ്രകാരമുള്ളവ ആർട്ട്കോ കോഴിക്കോട് നിന്നുമാണ് വാങ്ങിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സപ്ലൈ ചെയ്യേണ്ട ബെഞ്ച്, ഡെസ്ക്, മേശ എന്നിവയുടെ സ്പെസിഫിക്കേഷൻ കൃത്യമായി ടെണ്ടർ നോട്ടീസിൽ പറഞ്ഞിട്ടില്ലാത്തതിനാൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ പലതും പല തരത്തിലുള്ള സ്പെസിഫിക്കേഷൻ ആണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. . ഇത്തരത്തിലുള്ള ടെണ്ടറുകളിൽ നിന്നും സാമ്പിൾ പരിശോധനക്ക് ലഭ്യമാക്കി താരതമ്യം നടത്തി എങ്ങിനെയാണ് ARTCO LTD, Calicut സിഡ്കോ എന്നീ സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ചത് എന്ന് വ്യക്തമല്ല.

2. അലമാര, ഫൈബർ കസേര എന്നിവയുടെ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ പറഞ്ഞിട്ടുണ്ടെങ്കിലും ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ടി സ്പെസിഫിക്കേഷനിലുള്ള ഫർണ്ണിച്ചറുകൾ താരതമ്യം ചെയ്തിട്ടില്ല, അലമാര ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സിഡ്കോയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത് . ഫൈബർ ചെയറും ഇത്തരത്തിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ആർട്ട്കോയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത് .

3. വാങ്ങിയ ഫർണ്ണിച്ചറുകൾ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ, ബിൽ/ഇൻവോയ്സ്, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് KFC Form നം.18 പ്രകാരം സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പ്രൊജക്ട് നമ്പറും

ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും വാറണ്ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

4. വാങ്ങിയ ഫർണ്ണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിലൂടെ വിതരണം ചെയ്തിട്ടില്ല. സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്റർ പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 17 /24-25/17.11.2025 നൽകിയതിന് മറുപടിയായി പഞ്ചായത്ത് ഭരണ സമിതി തീരമാന പ്രകാരമാണ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മാത്രമായി ടെൻഡർ ക്ഷണിച്ചിട്ടുള്ളത് എന്നും മേലിൽ ടെൻഡർ നടപടികൾ സംബന്ധിച്ച് പത്രപ്പരസ്യം നൽകുന്നതാണെന്നും ബെഞ്ച് ,ഡെസ്ക്, മേശ എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ ഹാജരാക്കി ഗുണനിലവാരം പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിയോജനക്കുറിപ്പ് ഉണ്ടായിട്ടും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരമാനപ്രകാരം സാധനങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത് എന്നും അലമാര, ഫൈബർ ചെയർ എന്നിവയും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനപ്രകാരമാണ് വാങ്ങിയിട്ടുള്ളത് എന്നും മേലിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ സാമ്പിൾ പരിശോധന നടത്തേണ്ട വിഷയ വിദഗ്ധൻ ഉൾപ്പെട്ടിട്ടില്ല എന്നതിനാൽ ഏത് മാനദണ്ഡപ്രകാരമാണ് ഗുണനിലവാര പരിശോധന നടത്തിയത് എന്ന് വ്യക്തമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 എസ്.എസ്.കെ. വിഹിതം- വിശദമായ വിനിയോഗ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം 15,00,000/- രൂപ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ സമഗ്രശിക്ഷാ, കേരളക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് തുക | ബിൽ റഫറൻസ് നമ്പർ/ തിയതി |
|---|---|---|---|
| 1 | എസ് എസ് എ വിഹിതം<br>പ്രൊജക്റ്റ് നം. 49/25<br>ഫണ്ടിനം- വികസന ഫണ്ട് ജനറൽ | 1300000 | 24151952032101539049/14.03.2025 |
| 2 | എസ് എസ് എ വിഹിതം എസ് ടി<br>പ്രൊജക്റ്റ് നം. 54/25<br>ഫണ്ടിനം- വികസന ഫണ്ട്<br>ടി എസ് പി | 100000 | 24151952032101539103/14.03.2025 |
| 3 | എസ് എസ് എ വിഹിതം എസ് സി<br>പ്രൊജക്റ്റ് നം. 52/25 | 100000 | 24151952032101539096/14.03.2025 |

| | | | | |
|---|---|---|---|---|
| | ഫണ്ടിനം- വികസന ഫണ്ട് എസ് എസ് പി | | | |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപന ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്. ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഓരോ സ്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടികൾ വ്യക്തമാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായതായി വിവരം ലഭ്യമാക്കിയിട്ടുമില്ല.

ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 18.06.2024 ലെ സി/1646//2024/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്ത് പ്രകാരം അറിയിച്ച ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ച് കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2024-25 " പ്രകാരം Financial Target 39,06,368 രൂപയും, അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 15,62,547 രൂപയുമായിരുന്നു. എന്നാൽ 15 ലക്ഷം രൂപയാണ് പഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവൻ നൽകിയിട്ടില്ലെങ്കിലും, ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ, 42,26,258 രൂപ വിനിയോഗിച്ചതായി കാണിച്ചിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് മുഴുവൻ വിഹിതവും നൽകാതെ Target തുകയിലും അധിക തുക ചെലവഴിക്കാനായത് എങ്ങിനെയെന്ന് വ്യക്തമല്ല. ഇക്കാരണത്താൽ ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ ഏതെല്ലാം വിധത്തിൽ ഫണ്ട് വിനിയോഗിച്ചുവെന്നുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-18/2024-25/17.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകത താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഉദ്യോഗ സ്ഥൻ | സുലേഖ പ്രകാരമുള്ള ചെലവ് | യഥാർഥ ചെലവ് | വ്യത്യാസം. |
|---|---|---|---|---|---|
| 1 | 117/25-ഭിന്നശേഷി | ഐ സി ഡി എസ് | 2917300 | 2903300 | (+)14000 |

| | | | | |
|---|---|---|---|---|
| | സ്കോളർഷിപ്പ് സൂപ്പർവൈസർ | | | |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 27/19-11-25ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 117/25 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി സ്കോളർഷിപ്പ് - |
| അടങ്കൽ തുക | 3100000 |
| ചെലവഴിച്ച തുക | 1655800/- രൂപ (വികസന ഫണ്ട് - ജനറൽ)<br>266500/- രൂപതനത് ഫണ്ട്<br>840000/- രൂപ (ബ്ലോക്ക് പഞ്ചായത്ത് )<br>155000/- രൂപ (ജില്ലാ പഞ്ചായത്ത് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 7.1.6 ബി പ്രകാരം പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ ഒരു ഗുണഭോക്താവിന് താഴെ പറയുന്ന പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | മുഹമ്മദ് ഹാസിം | 1.241519520323O1053079/ 17.12.2024 | 12000 |
| | | 1.24151952032301251484/ 30.01.2025 | 12000 |
| | | 22401224/ 17.02.2025 | 4500 |
| | | 1.24151952032301538360/ 14.03.2025 | 2500 |
| | | 22401505/14.03.2025 | 9500 |
| | | | 40500 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 23/19.11.2025ന് മറുപടിയായി 2025-26 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്നും ടി തുക കുറവ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച ഗുണഭോക്താവിന് അധികമായി അനുവദിച്ച 12000 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2021-22 വർഷം മുതൽ ലൈഫ് ഭവന നിർമ്മാണത്തിനായി കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ആയി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ | ഗുണഭോക്താവ് | ആദ്യഗഡു | നാളിതുവരെയായി | നിലവിലെ |
|---|---|---|---|---|

| നമ്പർ | | കൈപ്പറ്റിയ വർഷം | കൈപ്പറ്റിയ തുക | ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | ആമിന<br>W/O റഫീഖ്<br>കുർമ്മത്ത്(ഹൗസ്) | 23-24 | 40000 | 30.03.2024 |
| 2 | ഷീജ പി<br>W/O ആന്റോ ക്ലമന്റ്<br>പാലക്കാട്ടിരി(ഹൗസ്) | 23-24 | 40000 | 30.03.2024 |
| 3 | അസ്മാബി<br>W/O നൗഷാദ്<br>അമ്പലക്കത്ത്(ഹൗസ്) | 23-24 | 40000 | 30.03.2024 |
| 4 | ഇന്ദിര<br>W/O രാധാകൃഷ്ണൻ<br>പുല്ലാര (ഹൗസ്) | 24-25 | 40000 | 21.06.2024 |
| 5 | സുശീല<br>W/O സത്യകുമാർ<br>മണിപറമ്പിൽ<br>(ഹൗസ്) | 24-25 | 40000 | 21.06.2024 |
| 6 | ഗീത<br>D/O അലവി<br>കാരാട്ടിൽ(ഹൗസ്) | 24-25 | 40000 | 21.06.2024 |
| 7 | ലൗലി<br>W/O ഷാജി<br>കുന്ത്രയിൽ | 24-25 | 40000 | 21.06.2024 |
| 8 | തസ്ലീമ<br>W/O അബ്ദുൽ അസീസ്<br>ഏലായി(ഹൗസ്) | 24-25 | 40000 | 21.06.2024 |
| 9 | സുനീറ<br>W/O മുഹമ്മദ് കുട്ടി<br>കവുങ്ങുതൊടിക | 24-25 | 40000 | 09.10.2024 |
| 10 | ജയശ്രീ എസ്<br>W/O സുഭാഷ് എം എസ്<br>മാട്ടട (ഹൗസ്) | 22-23 | 200000 | 29.09.2023 |
| 11 | റുഖിയ<br>D/O മുഹമ്മദ്<br>എളമ്പിലാശ്ശേരി | 22-23 | 40000 | 22.03.2023 |

| | | | | |
|---|---|---|---|---|
| 12. | ഓമന<br>D/O ഭാസ്കരൻ<br>വലിയ പറമ്പിൽ<br>(ഹൗസ്) | 22-23 | 40000 | 20.03.2023 |
| 13. | ശ്രീതു<br>W/O ശ്രീരാജ്<br>പട്ടൻ (ഹൗസ്) | 21-22 | 40000 | 1.09.2021 |
| 14. | ദേവകി<br>W/O വേലായുധൻ<br>പാപ്പാടൻ (ഹൗസ്) | 21-22 | 300000 | 24.02.2023 |
| 15. | രജനി കെ ആർ<br>W/O കുട്ടൻ<br>പാപ്പാടൻ (ഹൗസ്) | 21-22 | 350000 | 24.02.2023 |
| 16 | ബിന്ദു<br>W/O ശ്രീജിത്ത്<br>പുതുപറമ്പിൽ (ഹൗസ്) | 22-23 | 259200 | 15.05.2023 |

മേൽ പട്ടികയിൽ കാണിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 24/19.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-34 പി.എച്ച്.സി.യിലേക്ക് മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 20/2025, പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | നോൺ റോഡ്-1200000 |
| ചെലവ് | നോൺ റോഡ്-1200000 |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 1. 24151952032500625177/5.09.2024 RS 155184 (Part Bill)<br>2. 24151952032501031691/13.12.2024 RS 233288 (Part Bill) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | 1.PRF 723/25.07.2024 RS 155184<br>2.PRF 2410/09.12.2024 RS 233288 |

മേൽ പ്രൊജക്ട് പ്രകാരം എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 388472/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 278971/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം .PRF 2410/09.12.2024 (233288) |
|---|
| |

| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
|---|---|
| 2143/24.03.2025 | 79705 |
| 355/07.5.2025 | 26902 |
| 699/27.5.2025 | 18995 |
| ആകെ | 125602 |

മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 107686/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

| മരുന്ന് ലഭിച്ചതിന്റെ വിവരം .PRF 723/25.07.2024 (155184) | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 1441/06.01.2025 | 85712 |
| 1662/22.01.2025 | 29940 |
| 1741/04.02.2025 | 22176 |
| 2275/28.03.2025 | 15541 |
| ആകെ | 153369 |

മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1815/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

2.

| | |
|---|---|
| പ്രൊജക്റ്റ് | 19/2025, പരിരക്ഷ ഹോം കെയർ പദ്ധതി |
| ഫണ്ട്/അടങ്കൽ | വികസന ഫണ്ട് ജനറൽ-1700000 |
| ചെലവ് | വികസന ഫണ്ട് ജനറൽ-1650945 |
| ബിൽ റഫറൻസ് നമ്പർ / വൗച്ചർ നമ്പർ/ തിയ്യതി | 1.24151952032500920559/19.11.2024 RS 155323<br>2.24151952032501031703/13.12.2024 RS 139418 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF 722/25.07.2024 RS 155323<br>PRF 2315/05.12.2024 RS 139418 |

മേൽ പ്രൊജക്റ്റ് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 294741/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 161700/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം PRF 722/25.07.2024 (155323) | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 451/12.05.2025 | 56000 |
| 1020/18.06.2025 | 2807 |
| 1426/21.07.2025 | 56000 |
| ആകെ | 114807 |

മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 40516/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

| മരുന്ന് ലഭിച്ചതിന്റെ വിവരം PRF 2315/05.12.2024 (139418) | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |

| | |
|---|---|
| 325/2.05.2025 | 46893 |
| ആകെ | 46893 |

മേൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 92525/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 25/19.11.2025)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1,2 പ്രൊജക്ടുകളിലായി ആകെ 242542 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ബന്ധപ്പെട്ട രേഖകൾ, സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 പി.എച്ച്.സി.യിലേക്കും സബ്സെന്ററുകളിലേക്കും വാക്കർ, വീൽചെയർ, എയർ ബെഡ് ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 443/2025, ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| ഫണ്ട്/അടങ്കൽ | ഹെൽത്ത് ഗ്രാന്റ്-269548 |
| ചെലവ് | ഹെൽത്ത് ഗ്രാന്റ്-269548 |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 1. 22401574/30.03.2025 RS 30749 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | 1.PRF 4037/5.03.2025 RS 30749 |

മേൽ പ്രൊജക്ട് പ്രകാരം വാക്കർ, വീൽചെയർ, എയർ ബെഡ് എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 30749/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയത് ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 26/19.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-36 മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി 2024-25 പദ്ധതികളുടെ അവലോകനം

| | | |
|---|---|---|
| 1 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 284 |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 8106 |
| 3 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 8106 |
| 4 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 990 |
| 5 | തൻവർഷത്തെ ആകെ അടങ്കൽ | 1587.22 ലക്ഷം |
| 6 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 540 |
| 7 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 502 |
| 8 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 284 |
| 9 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 884.23 ലക്ഷം |
| 10 | തൻവർഷത്തെ ചെലവ് | 859.96 ലക്ഷം |
| 11 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2907 |

| | | |
|---|---|---|
| 1 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 284 |
| 12 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2907 |
| 13 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1023 |
| 14 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 2 |

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 284 വിവിധങ്ങളായ പ്രവൃത്തികൾ നിർവഹിച്ചതിന് 859.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 117/25 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി സ്കോളർഷിപ്പ് - |
| അടങ്കൽ തുക | 3100000 |
| ചെലവഴിച്ച തുക | 1655800/- രൂപ (വികസന ഫണ്ട് - ജനറൽ)<br>266500/- രൂപതനത് ഫണ്ട്<br>840000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>155000/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 7.1.6 ബി പ്രകാരം പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് താഴെ പറയുന്ന പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | മുഹമ്മദ് ഹാസിം | 1.24151952032301053079/ 17.12.2024 | 12000 |
| | | | |

| | | |
|---|---|---|
| | 1.24151952032301251484/ 30.01.2025 | 12000 |
| | 22401224/ 17.02.2025 | 4500 |
| | 1.24151952032301538360/ 14.03.2025 | 2500 |
| | 22401505/14.03.2025 | 9500 |
| | | 40500 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 23/19.11.2025ന് മറുപടിയായി 2025-26 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്നും ടി തുക കുറവ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ഗുണഭോക്താവിന് അധികമായി അനുവദിച്ച 12000 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

കത്തറ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 16 | 96000 | 96000 | 0 | |

*01-04-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല.

**3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല.

**4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല.

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3780000 | ലൈഫ് ഭവനനിർമാണം- ജനറൽ 307/25 | 3780000 | 0 |

| | | | | |
|---|---|---|---|---|
| | | | | |
| | 200000 | ലൈഫ് ഭവന പദ്ധതി- ജനറൽ 238/25 | 200000 | 0 |
| | 100000 | ലൈഫ് ഭവനനിർമാണം-പട്ടികജാതി 305/25 | 100000 | 0 |
| | 100000 | ലൈഫ് ഭവനനിർമാണം-പട്ടികവർഗം 301/25 | 100000 | 0 |
| | 155000 | ഭിന്നശേഷി സ്കോളർഷിപ്പ് 117/25 | 155000 | 0 |
| | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 301/25 | 500000 | 0 |
| **ആകെ** | **4835000** | | **4835000** | |
| ബ്ലോക്ക് പഞ്ചായത്ത് | 840000 | ഭിന്നശേഷി സ്കോളർഷിപ്പ് 117/25 | 840000 | 0 |
| **ആകെ** | **840000** | | **840000** | |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB ചുങ്കത്തറ | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 1).22400177/22.05.2024-13,181/- 2).22401103/21.01.2025-11,429/- | 24,610/- | 0 | UC ലഭ്യമായിട്ടില്ല. | 24,610/- |
| KSEB ചുങ്കത്തറ | 14/25 - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | XVFC/2024-25/ P/34/04.11.2024 | 22,77,345/- | 0 | UC ലഭ്യമായിട്ടില്ല. | 22,77,345/- |
| ഭൂജല വകുപ്പ്. | 274/25 – അണ്ടിക്കുന്ന് കുംഭാരകോളനി കുഴൽ കിണർ നിർമ്മാണം. | XVFC/2024-25/ P/49/07.02.2025. | 1,60,000/- | 0 | UC ലഭ്യമായിട്ടില്ല. | 1,60,000/- |
| ഭൂജല വകുപ്പ്. | 284/25 – മണലി കളക്കുന്ന് എസ്.സി കോളനി കുടിവെള്ള | XVFC/2024-25/ P/6/05.07.2024. | 2,43,270/- | 0 | UC ലഭ്യമായിട്ടില്ല. | 2,43,270/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | പദ്ധതി പൂർത്തീകരണം കുഴൽ കിണർ നിർമ്മാണം. | | | | | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | ലഭ്യമല്ല | 21502768 | 109529646 | 8816743 | 0 | 122215671 |

കുറിപ്പ്:- വായ്പ വരവ്, തിരിച്ചടവ് തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ലോൺ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7500000 |
| തൻവർഷം നിക്ഷേപിച്ച തുക | 950882 |
| ആകെ | 8450882 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8450882 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ പരിശോധിക്കുവാൻ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 1999-00 (പ്ലാൻ ) | 2-8 | 2004-05 | 3.10.1(V) | തെറ്റായ മൂല്യ നിർണ്ണയം അധിക തുക നൽകി | നടപടികൾ തുടരുന്നു. |
| 1997-98 | 2-9 | 2004-05 | 10.5.3 | സഹകരണ | നടപടികൾ |

| | | | | | |
|---|---|---|---|---|---|
| 1999-00 (പ്ലാൻ ) | | | | സംഘത്തിന് ധനസഹായം | തുടരുന്നു. |
| 2014-15 | 2(2),2(3),2(4),2(5),2(7),2(8) | 2016-17 | Anx. 3 Anx. 4 | വസ്തു നികുതി, തൊഴിൽ നികുതി | നടപടികൾ തുടരുന്നു. |
| 2019-20 | 1-19 | 2020-21 | 1.2 Anx.2 | മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായ പദ്ധതികളിലെ അപാകതകൾ | നടപടികൾ തുടരുന്നു. |
| 2020-21 | 1-14 | 2021-22 | 1.1 | വസ്തുനികുതി | നടപടികൾ തുടരുന്നു. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,00,86,515 (130682950+79403565) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,40,57,276 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,81,125/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12000 | ശ്രീമതി. സീന സൂസൺ വി, ICDS സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 15,900/- | ശ്രീമതി. ഷീനമോൾ എം, സെക്രട്ടറി |
| 1-17 | 24,610/- | ശ്രീമതി. ഷീനമോൾ എം, സെക്രട്ടറി |
| 1-18 | 5,60,000/- | ശ്രീമതി. ഷീനമോൾ എം, സെക്രട്ടറി |
| 1-26 | 4,03,270/- | ശ്രീമതി. ഷീനമോൾ എം, സെക്രട്ടറി |
| 1-27 | 22,77,345/- | ശ്രീമതി. ഷീനമോൾ എം, സെക്രട്ടറി |
| 1-30 | 1500000 | ശ്രീ. റുഫാൻസേ. ഡി, ഹെഡ്മാസ്റ്റർ |
| **ആകെ** | 4781125/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഓദ്യോഗിക മേൽ വിലാസം (ഓഡിറ്റ് നടത്തുന്ന സമയത്തെ) | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീമതി. സീന സൂസൺ വി,<br>ICDS സൂപ്പർ വൈസർ | ICDS സൂപ്പർ വൈസർ, ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് | പുളിക്കത്തടത്തിൽ<br>ഹൗസ്<br>വീട്ടിക്കുത്ത്<br>നിലമ്പൂർ<br>679329 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം.5/801/10 തി. 10.06.2010 | 16 |
| 1984-85 | എൽ.എഫ്.എം.5/805/10 തി.10.06.2010 | 1 |
| 1986-87,88-89 | എൽ.എഫ്.എം.5/807/10 തി. 10.06.2010 | 2 |
| 1988-89,<br>89-90 | എൽ.എഫ്.എം.5/808/10 തി. 10.06.2010 | 4 |
| 1994-95 | എൽ.എഫ്.എം.5/812/10 തി. 10.06.2010 | 4 |
| 1995-96 | എൽ.എഫ്.എം.5/813/10 തി. 10.06.2010 | 7 |
| 1997-98,<br>98-99,99-00 | (Plan Exp)<br>കെ.എസ്.എ.എം.പി.എം.26/1073/23(1)<br>തി.25.05.2023 | 1 |
| 1997-98 | കെ.എസ്.എ.എം.പി.എം.26/1531/19<br>തി.12-11-2021 | 6 |
| 1998-99 | കെ.എസ്.എ.എം.പി.എം.26/1531/19<br>തി.12-11-2021 | 2 |
| 1999-00 | കെ.എസ്.എ.എം.പി.എം.26/1531/19<br>തി.12-11-2021 | 5 |
| 2002-03 | കെഎസ്എഎംപിഎം.26/1073/23(04)<br>തി:25.05.2023 | 2 |
| 2003-04 | കെഎസ്എഎംപിഎം.26/1073/23(05)<br>തി:25.05.2023 | 2 |
| 2004-05 | കെഎസ്എഎംപിഎം.26/1073/23(06)<br>തി:25.05.2023 | 03 |
| 2005-06 | കെഎസ്എഎംപിഎം.26/1073/23(07)<br>തി:25.05.2023 | 4 |
| 2006-07 | കെഎസ്എഎംപിഎം.26/1073/23(08) | 9 |

| | | |
|---|---|---|
| | തി:25.05.2023 | |
| 2007-08 | കെഎസ്എഎംപിഎം.26/1531/19 തി:29.10.2021 | 10 |
| 2008-09 | കെഎസ്എഎംപിഎം.26/1531/19 തി:29.10.2021 | 6 |
| 2009-10,10-11 | കെഎസ്എഎംപിഎം.26/1073/23(09) തി:25.05.2023 | 12 |
| 2011-12,12-13 | കെഎസ്എഎംപിഎം.26/1073/23(10) തി:25.05.2023 | 07 |
| 2013-14,14-15 | കെഎസ്എഎംപിഎം.5/1779/15തി:11.08.2015 | 34 |
| 2015-16 | കെഎസ്എഎംപിഎം26/2454/16തി:1.10.2016 | 29 |
| 2016-17 | കെ.എസ്എഎംപിഎം.26/1287/17 തി:26.04.2018 | 15 |
| 2017-18 | കെഎസ്എഎംപിഎം.26/2416/18 തി.21.03.2019 | 25 |
| 2018-19 | കെഎസ്എഎംപിഎം.26/542/2020 തി:07.05.2020 | 29 |
| 2019-20 | കെഎസ്എഎംപിഎം.26/1485/2021 തി:11.05.2022 | 41 |
| 2020-21 | കെഎസ്എഎംപിഎം.26/1006/2022 തി:24.09.2022 | 11 |
| 2021-22 | കെഎസ്എഎംപിഎം.26/2378/22 തി:10.04.2023 | 23 |
| 2022-23 | കെഎസ്എഎംപിഎം.26/2609/23 തി:16.12.2023 | 32 |
| 2023-24 | കെഎസ്എഎംപിഎം.26/2327/24 തി:13.03.2025 | 35 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# Annexure-1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 18-07-2025 and submitted on 10-10-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chungathara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chungathara Grama Panchayat as on 31-03-2025

**Date: 27/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chungathara Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1.The balance sheet balance as per the previous year's schedule does not match the opening balance of trial balance balance for the current year.

2.Bank statements/passbooks and reconciliation statements were not submitted.

3.Negative balance in the account - reason not explained.

4. Annual ratios and comparative amounts for the previous year have not been prepared.

5.The corresponding information for calculating fixed asset depreciation is not available.

6. ACR of specific purpose grants included in schedule B-4 is not maintained.

7. Registers are not maintained in a manner that validates the accounts.

8. Detailed information on the amount for the beneficiary contribution has not been made available.

9. Monthly reconciliation is not performed between ledger balances and the registers associated with that ledger.

10.Debit/credit balance has not been recorded in many headings in the trial balance.

11. Opening balance, receipt, closing balance as per the loan register do not match with B5 schedule of AFS

12. The investment register and investment certificate were not made available for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്